**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1846** **04-02-2026-ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സർട്ടിഫിക്കറ്റ് പരിശോധന**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിന് ഏതെല്ലാം തരത്തിലുള്ള പരിശോധനകളാണ് നിലവിൽ നടത്തുന്നതെന്ന് വിശദമാക്കുമോ;

**മറുപടി:** ഭിന്നശേഷിക്കാർക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതു കേന്ദ്ര സർക്കാർ 12/3/2024ന പുറപ്പെടുവിച്ചിട്ടുള്ള SO 1338 (E) ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള മാർഗനിർദേശങ്ങൾ പ്രകാരവും " RPwD Act, 2016" നും "Rights of Persons with Disabilities (Kerala) Rules, 2020" നും അനുസൃതമായി പ്രവർത്തിക്കുന്ന മെഡിക്കൽ ബോർഡുകൾ മുഖേനയുമാണ്.

ആരോഗ്യ വകുപ്പിന് കീഴിലെ മെഡിക്കൽ ബോർഡ് രൂപീകരിച്ചിട്ടുള്ള 87 സ്ഥാപനങ്ങളിൽ വഴി സംസ്ഥാനത്തെ ഭിന്നശേഷി വിഭാഗത്തിലുള്ളവരിൽ നിന്നും ഓൺലൈൻ വഴി അപേക്ഷ സ്വീകരിച്ച പരിശോധന നടത്തി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നുണ്ട്. മെഡിക്കൽ ബോർഡ് എല്ലാ മാസവും കുറഞ്ഞത് ഒരുതവണയെങ്കിലും മേൽ സൂചിപ്പിച്ച ആശുപത്രികളിൽ നടത്തുന്നുണ്ട്. ലഭിക്കുന്ന അപേക്ഷകളുടെ എണ്ണമനുസരിച്ചാണ് ബോർഡുകൾ മെഡിക്കൽ പരിശോധന നടത്താറുള്ളത്.

RPwD Act 2016, Amendment Rule 2024 പ്രകാരം ഒരു വ്യക്തിക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റിന് വേണ്ടി കേന്ദ്ര സാമൂഹ്യനീതി വകുപ്പിന്റെ "SWAVALAMBAN" പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷകൻ / അപേക്ഷക താമസിക്കുന്ന ജില്ലയിലെ നോട്ടിഫൈഡ് മെഡിക്കൽ അതോറിറ്റി/ ജില്ലാ മെഡിക്കൽ ഓഫീസർ (DMO) എന്നിവരിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതും പ്രസ്തുത അപേക്ഷകന് നിലവിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ UDID കാർഡ് നൽകുകയും, മെഡിക്കൽ സർട്ടിഫിക്കറ്റ് ഇല്ലാത്ത പക്ഷം അപേക്ഷ പരിശോധിച്ചുറപ്പിച്ചതിന് ശേഷം, CMO/DMO അല്ലെങ്കിൽ യോഗ്യതയുള്ള മെഡിക്കൽ അതോറിറ്റി പരിശോധിച്ച അപേക്ഷയുടെ വിലയിരുത്തലിനായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയോഗിക്കുന്നു.

അപേക്ഷകന്റെ ഭിന്നശേഷിക്കനുസരിച്ചുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർ, ഒരു നിശ്ചിത തീയതിയിൽ അപേക്ഷകനെ/ അപേക്ഷകയെ വിലയിരുത്തുകയും വിലയിരുത്തൽ റിപ്പോർട്ട് മെഡിക്കൽ ബോർഡിന് സമർപ്പിക്കുകയും വൈകല്യത്തിന്റെ ശതമാനവും തരവും, വൈകല്യ സർട്ടിഫിക്കറ്റിന്റെ സാധുത, അപേക്ഷകന്റെ മറ്റ് പ്രശ്നങ്ങൾ എന്നിവയിൽ മെഡിക്കൽ ബോർഡ് തീരുമാനമെടുക്കുന്നു. മെഡിക്കൽ ബോർഡിന്റെ തീരുമാനം ബന്ധപ്പെട്ട CMO/DMO അല്ലെങ്കിൽ കോംപിറ്റന്റ് മെഡിക്കൽ

അതോറിറ്റിയെ അറിയിക്കുകയും CMO/DMO പൂരിപ്പിച്ച വിലയിരുത്തൽ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ആണ് ഒരു UDID കാർഡ്, ഭിന്നശേഷി സർട്ടിഫിക്കറ്റ് എന്നിവ നൽകി വരുന്നത്.

ജില്ല/താലൂക്ക് തല/മെഡിക്കൽ കോളേജ് തല മെഡിക്കൽ ബോർഡുകളിൽ ഓർത്തോപീഡിക്, ENT, ഒഫ്ത്താൽമോളജി, സൈക്യാട്രി/ന്യൂറോളജി തുടങ്ങി ബന്ധപ്പെട്ട സ്പെഷ്യാലിറ്റി ഡോക്ടർമാർ ഉൾപ്പെടെയാണ് മെഡിക്കൽ ബോർഡ് രൂപീകരിക്കുന്നത്.

അംഗവൈകല്യത്തിന്റെ തരം അനുസരിച്ച് സർക്കാർ ഉത്തരവുകളിലൂടെ നിശ്ചയിച്ച "സ്റ്റാൻഡേർഡ് അസസ്മെന്റ് പ്രോട്ടോകോളുകളും ഫോറങ്ങളും (ഉദാഹരണം: Form-X മുതലായവ)" ഉപയോഗിച്ചാണ് ക്ലിനിക്കൽ പരിശോധന, ആവശ്യമായ ലാബ്/റേഡിയോളജി/ഫങ്ഷണൽ ടെസ്റ്റുകൾ എന്നിവ നടത്തി ഭിന്നശേഷി ശതമാനം നിർണ്ണയിക്കുന്നത്.

മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ആവശ്യമായ എല്ലാ പരിശോധനകളും നടത്താറുണ്ട്.

എ) ക്ലിനിക്കൽ അവസ്ഥ അനുസരിച്ച് ലോക്കോമോട്ടോർ, ന്യൂറോളജിക്കൽ-ഇമേജിംഗ് എന്നിവയ്ക്കായി

ബി) വിഷ്വൽ... സ്റ്റാൻഡേർഡ് ടെസ്റ്റുകൾ അവയുടെ വിലയിരുത്തൽ അനുസരിച്ച് ശുപാർശ ചെയ്യുന്നു. വിഷ്വൽ അക്വിറ്റി, ഫീൽഡ് മുതലായവ

സി) കേൾക്കൽ, ഓഡിയോഗ്രാം; ബെറ മുതലായവ

ഡി) സൈക്യാട്രി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഐക്യു വിലയിരുത്തലും മറ്റ് പരിശോധനകളും.

**(ബി)** കാഴ്ച പരിമിതി, കേൾവി പരിമിതി എന്നിവ മനസ്സിലാക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** കാഴ്ച പരിമിതിക്ക് കേസ് പ്രകാരം സ്നെല്ലൻ ചാർട്ട് ഉപയോഗിച്ച് visual acuity, field of vision തുടങ്ങിയവ "best possible correction" സഹിതം പരിശോധിക്കുന്നതാണ്, RPwD പ്രകാരമുള്ള national guidelines അനുസരിച്ച് കേൾവി പരിമിതിക്ക് pure tone audiometry, speech audiometry മുതലായ അംഗീകരിച്ച ഓഡിയോളജിക്കൽ ടെസ്റ്റുകൾ, hearing aid/കോക്ലിയർ ഇംപ്ലാന്റ് തുടങ്ങിയ assistive devices സഹിതം hearing threshold വിലയിരുത്തൽ എന്നിവയാണ് ഉപയോഗിക്കുന്നത്.

Disability rules പ്രകാരം visual, hearing impairment വിലയിരുത്തുമ്പോൾ ആവശ്യമായ സ്ഥലങ്ങളിൽ "assistive devices/technology, sign language" എന്നിവ ഉപയോഗിക്കണമെന്ന് നിർദ്ദേശമുള്ളതിനാൽ അതനുസരിച്ചാണ് മെഡിക്കൽ ബോർഡുകൾ പ്രവർത്തിക്കുന്നത്.

**(സി)** അനർഹർ വ്യാപകമായി ഭിന്നശേഷി സർട്ടിഫിക്കറ്റ് നേടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** വ്യാജ ഭിന്നശേഷി സർട്ടിഫിക്കറ്റു കൈക്കലാക്കി അനർഹരായവർ ജോലിയിൽ പ്രവേശിക്കുന്നതായി കാണിച്ച് വിവിധ സംഘടനകളും വ്യക്തികളും സാമൂഹ്യനീതി വകുപ്പിൽ ചില പരാതികൾ നൽകിയിട്ടുണ്ട്.

പരാതികൾ പരിശോധിച്ച് റിപ്പോർടട് സമർപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയംപരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ഡി)** ആവശ്യമായ ചികിത്സ നൽകിയാൽ മാറ്റിയെടുക്കാവുന്ന പരിമിതികൾക്ക് പെർമനന്റ് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാരണങ്ങൾ എന്താണ്; വിശദമാക്കുമോ;

**<u>മറുപടി:</u>** ഭിന്നശേഷി സർട്ടിഫിക്കറ്റ് നിലവിൽ ആരോഗ്യ വകുപ്പ് രൂപീകരിച്ചിട്ടുള്ള മെഡിക്കൽ ബോർഡുകൾ മുഖേനയാണ് നൽകി വരുന്നത്. ആവശ്യമായ ചികിത്സ നൽകിയാൽ മാറ്റിയെടുക്കാവുന്ന പരിമിതികൾക്ക് പെർമനന്റ് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകിയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല

**(ഇ)** എയ്ഡഡ് സ്കൂൾ അടക്കമുള്ള ജോലികളിൽ മേൽപ്പറഞ്ഞ രൂപത്തിൽ ഭിന്നശേഷി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് അനർഹർ കയറിക്കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സർക്കാർ ജോലിയിൽ വ്യാജ ഭിന്നശേഷി സർട്ടിഫിക്കറ്റ് കൈക്കലാക്കി അനർഹരായവർ ജോലിയിൽ പ്രവേശിക്കുന്നതായി കാണിച്ച് സാമൂഹ്യനീതി വകുപ്പിൽ ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

വ്യാജ ഭിന്നശേഷി സർട്ടിഫിക്കറ്റു കൈക്കലാക്കി അനർഹരായവർ ജോലിയിൽ പ്രവേശിക്കുന്നത് സംബന്ധിച്ച് ലഭ്യമായ പരാതികൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(എഫ്)** അനർഹരെ ഒഴിവാക്കുന്നതിന് വേണ്ടി എയ്ഡഡ് സ്കൂളുകൾ, മറ്റു സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിൽ ഭിന്നശേഷി സംവരണ തസ്തികകളിലേക്ക് നിയമിക്കപ്പെടുന്നവരുടെ പരിമിതികൾ കൃത്യമായി മനസ്സിലാക്കുന്നതിന് കർശനമായ മെഡിക്കൽ പരിശോധനകൾ വീണ്ടും നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സർക്കാർ ജോലിയിൽ വ്യാജ ഭിന്നശേഷി സർട്ടിഫിക്കറ്റ് കൈക്കലാക്കി അനർഹരായവർ ജോലിയിൽ പ്രവേശിക്കുന്നതായി കാണിച്ച് സാമൂഹ്യനീതി വകുപ്പിൽ ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

വ്യാജ ഭിന്നശേഷി സർട്ടിഫിക്കറ്റു കൈക്കലാക്കി അനർഹരായവർ ജോലിയിൽ പ്രവേശിക്കുന്നത് സംബന്ധിച്ച് ലഭ്യമായ പരാതികൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ജി)** മുമ്പ് പെർമനന്റ് ഡിസബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയവർക്ക് യു. ഡി. ഐ. ഡി. (യുണീക്ക് ഡിസബിലിറ്റി ഐഡെന്റിറ്റി കാർഡ്) കാർഡുകൾ നൽകുമ്പോൾ മെഡിക്കൽ പരിശോധന നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** Permanent സർട്ടിഫിക്കറ്റ് ഉള്ളവർക്കുള്ള UDID സമയത്തെ പരിശോധന UDID പദ്ധതിയുടെ ദേശീയ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച്, "permanent" disability ആയി മുമ്പ് അംഗീകരിച്ചവർക്കും,

ആവശ്യമുള്ളപ്പോൾ medical authority ക്ക് re-assessment നിർദ്ദേശിക്കാനുള്ള അധികാരം നിലനിൽക്കുന്നു.

കേരളത്തിൽ UDID കാർഡിലേക്ക് migration ചെയ്യുമ്പോൾ- രേഖകൾ വ്യക്തവും, അവസ്ഥയുടെ സ്വഭാവം മാറാനിടയില്ലാത്തതുമാണെങ്കിൽ, പല കേസുകളിലും additional physical examination കൂടാതെയാണ് സർട്ടിഫിക്കറ്റ് digitize ചെയ്യുന്നത്. സംശയം ഉണ്ടാകുന്നവ, മുമ്പത്തെ രേഖകൾ അപൂർണ്ണം/വിരുദ്ധം ആയവ, അല്ലെങ്കിൽ അവസ്ഥയുടെ സ്വഭാവം മാറ്റം വരാവുന്നതായവ എന്നിവയിൽ മെഡിക്കൽ ബോർഡിന്റെ പുനർമൂല്യനിർണ്ണയം നിർദ്ദേശിക്കുന്നു.

RPwD Act, Kerala Rules, 2020 പ്രകാരം ഭിന്നശേഷി നിർണ്ണയം വൈദ്യ വിദഗ്ധർ നയിക്കുന്ന, തെളിവുകൾ അടിസ്ഥാനമാക്കിയുള്ള പ്രക്രിയയാക്കാനുള്ള ലക്ഷ്യത്തോടെ, UDID പ്രവർത്തനങ്ങളോട് അനുബന്ധിച്ച് ആവശ്യമായിടത്ത് തിരഞ്ഞെടുത്ത വിഭാഗങ്ങളിൽ പുനർമൂല്യനിർണ്ണയം നടത്തുന്നതാണ്. UDID നൽകുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യസുരക്ഷ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**